രാമവർമ്മതമ്പുരാൻ:— വല്ല ഘട്ടത്തിലും താമസിച്ചിട്ടുണ്ടോ എന്നു് അന്വേഷിച്ചു വേണം പറയുവാൻ. വളരെപ്രകാരം പാടില്ല.

മിസ്റ്റർ കെ. എം. ഇബ്രാഹിം:—ആ വള മാറുവാൻ ഗവർമ്മെണ്ടിനു് ആലോചനയുണ്ടോ?

രാമവർമ്മതമ്പുരാൻ:—ആലോചിച്ചിട്ടില്ല.

മിസ്റ്റർ കെ. എം. ഇബ്രാഹിം:—അതിനെപ്പറ്റി അടുത്ത അവസരത്തിലെങ്കിലും ആലോചനയുണ്ടാകുമോ?

രാമവർമ്മതമ്പുരാൻ:—ആലോചിക്കാം.

മിസ്റ്റർ ഇ. ഇക്കണ്ടവാര്യർ:—ഈ സത്രം ആരുണ്ടാക്കിയതാണു്. മുനിസിപ്പാലിറ്റിയാ ഗവർമ്മെണ്ടോ?

രാമവർമ്മതമ്പുരാൻ:—ഡൈയ്മായി പറയുവാൻ വയ്യ. ആദ്യം ഈ സ്ഥലം ദേവസ്വം വകയായിരുന്നു. ദേവസ്വത്തിൽനിന്നാണു് ഗവർമ്മെണ്ടിലേക്കു കിട്ടിയിരിക്കുന്നതു്. സത്രം കെട്ടിയിട്ടുള്ളതു് മുനിസിപ്പാലിറ്റിക്കാരാണെന്നാണു തോന്നുന്നതു്.

Depressed Class Students.

96. മിസ്റ്റർ കെ. പി. വള്ളോൻ:—൧൯൨൦-ൽ ഈ രാജ്യത്തിലെ അധഃകൃത വിദ്യാർത്ഥികൾക്കു് ആകെ കൊടുത്തിട്ടുള്ള വസ്ത്രം എത്ര; അതുകെ എന്തു വിലയായിട്ടുണ്ടു്?

രാമവർമ്മതമ്പുരാൻ:—൧൯൨൦-ൽ ഈ രാജ്യത്തിലെ അധഃകൃത വിദ്യാർത്ഥികൾക്കു് ചന്ദ്രവലെ മുണ്ടുകൾ കൊടുത്തിട്ടുണ്ടു്. അതുകെ ൪൦൨൫ രൂപ. ൧൯൨൧-ൽ ചിലവായിട്ടുണ്ടു്.

മിസ്റ്റർ കെ. പി. വള്ളോൻ:—ഓരോ വിദ്യാലയങ്ങളിലും ഓരോ കുട്ടിക്കും കൊടുക്കുന്ന വസ്ത്രങ്ങൾക്കു് എന്തുവീതം വില വരുന്നുണ്ടു്?

രാമവർമ്മതമ്പുരാൻ:—വളരെ കുറച്ചേ വരികയുള്ളു. അതു് ഹരിച്ചുതന്നെ നോക്കണം. കഷ്ടിച്ചു് ൨ൽ അണ വില വരും.

മിസ്റ്റർ ടി. എ. രാമചന്ദ്രയ്യർ:—ആരാണു് അതു കൊടുക്കുന്നതു്?

രാമവർമ്മതമ്പുരാൻ—അതു ടെൻഡർ വിളിച്ചു് ഓരോ കണ്ടാക്ടറെക്കാണെ ഏല്പിക്കുകയാണു പതിവു്.

പ്രസിഡണ്ടു്:—ഡിസ്ട്രിബ്യൂട്ടു ചെയ്യുന്നതു് ആരാണു് എന്നാണല്ലോ ചോദിച്ചതു്?

മിസ്റ്റർ ടി. എ. രാമചന്ദ്രയ്യർ:—അതെ.

രാമവർമ്മതമ്പുരാൻ—അതു് സ്കൂൾ ഹെഡ്മാസ്റ്റർമാർ, മാനേജർമാർ ഇവർമുഖേനയാണു കൊടുക്കുന്നതു്.

മിസ്റ്റർ ടി. എ. രാമചന്ദ്രയ്യർ:—ഇതിനു് അവരോടു രസീതു വാങ്ങുന്നുണ്ടോ?

രാമവർമ്മതമ്പുരാൻ:—ഉണ്ടെന്നു തോന്നുന്നില്ല.

മിസ്റ്റർ കെ. പി. വള്ളോൻ:—ഈ മാതിരി മുണ്ടുകൾക്കു് എന്തു വിലയുണ്ടെന്നു പറയാമോ? (സഭാവാസികളെ രണ്ടുമൂന്നു മുണ്ടുകൾ വിടർത്തി കാണിച്ചുകൊണ്ടാണു് ഈ ചോദ്യമുണ്ടായതു്.)

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ എം. കൃഷ്ണമേനോൻ:—ഉദ്ദേശം ഒന്നോകാലണ വരുമെന്നു തോന്നുന്നുണ്ട്.

മിസ്റ്റർ കെ. പി. വള്ളോൻ:—സെൻറ് ആൽബർട്ട്സ് സ്കൂളിൽ സ്റ്റുഡൈനൽ ക്ലാസ്സിൽ പഠിക്കുന്ന കുട്ടികൾക്കു കൊടുത്തിട്ടുള്ള ഈ മുണ്ടിനു് (ഒരു മുണ്ടു് എടുത്തു കാണിച്ചുകൊണ്ടു്) എന്തു വില കൊടുത്തു എന്നു പറയാമോ?

മിസ്റ്റർ എം. എ. ചാക്കോ:—ഇതിനു് ഒന്നരണയോളം വില വരാതിരിക്കയില്ല.

മിസ്റ്റർ കെ. പി. വള്ളോൻ:—ഇതിൽ ഒന്നേമുക്കാലണ വിലയിട്ടിട്ടുണ്ട്.

Cotton Hostel.

97. മിസ്റ്റർ കെ. പി. വള്ളോൻ:—(എ) ഫ്രഫ്രം-ൽ കോട്ടൻ ഹോസ്റ്റലിൽ എത്ര വിദ്യാർത്ഥികൾ താമസിക്കുന്നുണ്ടു്;

(ബി) ടി ഹോസ്റ്റലിൽ മാസം ഒന്നുക്കു എത്ര ചാക്കു അരി ചിലവു വരുന്നുണ്ടു്;

(സി) അരി ചാക്കൊന്നുക്കു വിലയെന്തു്; അരി വാങ്ങിച്ചിട്ടുള്ള വൌച്ചറിൻെറ കാപ്പികൾ അനുബന്ധമായി ചേർക്കുമോ?

രാമവർമ്മതമ്പുരാൻ:—(എ) കോട്ടൻ ഹോസ്റ്റലിൽ ഫ്രഫ്രം ചിങ്ങത്തിൽ 60 കുട്ടികൾ താമസിച്ചിരുന്നു. പിന്നീടു് അവരിൽനിന്നു് 9 കുട്ടികൾ വിജയരാഘവപുരം ഇൻഡസ്ട്രിയൽ സ്കൂളിൽപോയി ചേർന്നിരിക്കുകൊണ്ടു് ഇപ്പോൾ ഫ്രം കുട്ടികൾ മാത്രമേയുള്ളൂ.

(ബി) മാസത്തിൽ ഏകദേശം 8 ചാക്കു അരി ചിലവാകും.

(സി) പഴയരിക്കു അങ്ങാടിയിരക്കനുസരിച്ചു ചാക്കു ഒന്നുക്കു നല്ല തരത്തിനു ഒ. കെ. യും ചിലപ്പോൾ വ കെ. യിൽ അധികവും വിലവരുന്നുണ്ടു്. വൌച്ചറിൻെറ കോപ്പി അനുബന്ധമായി ചേർത്തിരിക്കുന്നു.

98. മിസ്റ്റർ കെ. പി. വള്ളോൻ:—(എ) അധികൃത സംരക്ഷകൻ, ലേബർ ഇൻസ്പെക്ടർ എന്നിവരുടെ ആപ്പീസ് കോട്ടൻ ഹോസ്റ്റലിലേക്കു മാറിയിട്ടു എത്ര മാസമായി. അതിനുള്ള കാരണമെന്തു്?

(ബി) കോട്ടൻ ഹോസ്റ്റലിൽനിന്നും ദിവസംപ്രതി സംരക്ഷകൻെറ റിക്കാർട്ടുംപെട്ടി ആനപ്പാറക്കു കൊണ്ടുപോകുന്ന ശിപായിക്കു സൈക്കിൾ ചവിട്ടി കൊടുപ്പാൻ എഴുതിയതു് അനുവദിച്ചുവോ; ഇല്ലെങ്കിൽ എന്തുകൊണ്ടു്?

രാമവർമ്മതമ്പുരാൻ:—(എ) അധികൃതസംരക്ഷകൻേറയും, ലേബർ ഇൻസ്പെക്ടരുടേയും ആപ്പീസ് കോട്ടൻ ഹോസ്റ്റലിലേക്കു മാറിയിട്ടില്ല. സംരക്ഷകൻ ചിലപ്പോൾ കോട്ടൻ ഹോസ്റ്റൽ സന്ദർശിക്കാറുണ്ടു്.

(ബി) മൂന്നാമതൊരു ശിപായിക്കു സൈക്കിൾ കൊടുക്കേണമെന്നു് ആരും എഴുതീട്ടില്ല.

മിസ്റ്റർ കെ. പി. വള്ളോൻ—സംരക്ഷകൻ കോട്ടൻ ഹോസ്റ്റലിൽ താമസിക്കാറുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly